പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T 2208 18.12.2012 ൽ മറുപടിയ്ക്ക്**

**<u>കൊച്ചി മെട്രോ റെയിൽ പദ്ധതി</u>**

**ചോദ്യം**

ഡോ.കെ.ടി.ജലീൽ:

**ഉത്തരം**

ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതി എന്നാരംഭിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കൊച്ചി മെട്രോ റെയിൽപദ്ധതിയുടെ മുന്നൊരുക്കങ്ങൾ (Preparatory Works) ധൃതഗതിയിൽ നടന്നു വരികയാണ്. പദ്ധതി ഡി.എം.ആർ.സി.യുടെയും ഡോ.ഇ.ശ്രീധരന്റെയും പങ്കാളിത്തത്തോടെ പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പദ്ധതിയിൽ ഡി.എം.ആർ.സി.യുടെ പങ്ക് നിർണ്ണയിക്കുന്നതിനായി ഒരു ടേംസ് ഓഫ് എൻഗേജ്മെന്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അതിന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. കൂടാതെ പദ്ധതി നടത്തിപ്പിനായി വായ്പയും ലഭ്യമാക്കേണ്ടതുണ്ട്. പദ്ധതിയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഈ നടപടികൾ എല്ലാം പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി പൂർണ്ണനിലയിൽ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന് കൃത്യമായ ഒരു സമയപരിധി നിർണ്ണയിക്കാനാവില്ല. |
| (ബി) | പദ്ധതിയുടെ നിർമ്മാണച്ചുമതല പൂർണ്ണമായും ശ്രീ.ഇ.ശ്രീധരനും ഡി.എം.ആർ.സി.ക്കും നൽകിയിട്ടുണ്ടോ; അവർ അത് ഏറ്റെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) യും (സി) | ഇല്ല. കൊച്ചി മെട്രോ പദ്ധതി ഡി.എം. ആർ.സി.യുടെയും ഡോ.ഇ.ശ്രീധരന്റെയും പങ്കാളിത്തത്തോടെ പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ ഉദ്ദേശത്തോടുകൂടി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നവംബർ 23-ന് ഡൽഹിയിൽ വച്ച് കേന്ദ്ര നഗര വികസന വകുപ്പ് മന്ത്രിയുമായി യോഗം ചേർന്നിരുന്നു. ഡൽഹി മെട്രോയുടെ പ്രവർത്തനങ്ങളെ |
| (സി) | ഇല്ലെങ്കിൽ അതിനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | ബാധിക്കാത്ത രീതിയിൽ ഡി.എം.ആർ.സി കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുമെന്ന് അന്നത്തെ യോഗത്തിൽ തീരുമാനമായിരുന്നു. അതിന്റെയടിസ്ഥാനത്തിൽ കൊച്ചി മെട്രോ പദ്ധതിയിൽ ഡി.എം. ആർ.സി.യുടെ പങ്ക് നിർണ്ണയിക്കുന്നതിനായി ഒരു ടേംസ് ഓഫ് എൻഗേജ്മെന്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അതിന് കൊച്ചി മെട്രോ ഡയറക്ടർ ബോർഡിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. കൂടാതെ പദ്ധതി പൂർണ്ണമായ നിലയിൽ ആരംഭിക്കുന്നതിന് ധനകാര്യ ഏജൻസികളിൽ നിന്ന് വായ്പയും ലഭ്യമാക്കേണ്ടതുണ്ട്. ഈ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പദ്ധതി ആരംഭിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ